നമ്പർ.400263/BAUV01/GPO/2023/5515/(3)

കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് ആഫീസ്

കോട്ടുകാൽ
കോട്ടുകാൽ.പി.ഓ
തിരുവനന്തപുരം
Phone No:04712268236
E-mail:kottukalgptvm@gmail.com

തീയതി : 16/10/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. ജില്ലാ ജോയിൻറ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- കോട്ടുകാൽ ഗ്രാമപഞ്ചായത്ത് - ശ്രീ എസ് പ്രകാശ് , സദാനന്ദ സദനം എന്നയാളുടെ പരാതിയിൻമേൽ കെട്ടിട നിർമ്മാണ പെർമിറ്റ് റിവോക്ക് ചെയ്തിട്ടുള്ളത് സംബന്ധിച്ച്

സൂചന:- ശ്രീ. പ്രകാശ് സദാനന്ദ സദനം പൊന്നുമംഗലം, നേമം പി ഒ എന്നയാൾ നൽകിയ അപേക്ഷ.

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ ശ്രീ അശോക് കുമാർ എം, പ്രസിഡൻറ് എസ്എൻഡിപി ശാഖ നമ്പർ 1105, പുളിങ്കുടി മുല്ലൂർ പി ഒ എന്നയാൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് നൽകിയ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളതും അശോക് കുമാർ, പ്രകാശ് സുജ എന്നിവർ തമ്മിലുള്ള പരസ്പര മാറ്റയാധാരത്തിൽ എസ്എൻഡിപി ശാഖയുടെ പേർക്ക് അവകാശപ്പെട്ട പട്ടിക വസ്തു ഉൾപ്പെടെയുള്ള വസ്തുവിൻറെ കിഴക്കും വടക്കും വശമുള്ള അതിരുകല്ലിന്റെ മധ്യഭാഗം ചേർത്ത് ചുമരായി എടുത്തു കൊള്ളുന്നതിന് പരസ്പരം സമ്മതിച്ചിട്ടുള്ളതാണ്. എൽ എസ് ജി ഡി അസിസ്റ്റൻറ് എൻജിനീയറുടെ സ്ഥലംമാറ്റത്തെ തുടർന്ന് ലഭ്യമായ ഫയലുകളുടെ കൂട്ടത്തിൽ ലഭ്യമായതിനാലും ടി പരാതിക്കാരൻ ആയ ശ്രീ. പ്രകാശ് സദാനന്ദ സദനം പൊന്നുമംഗലം എന്നയാൾ 2023 സെപ്റ്റംബറിൽ നൽകിയ പരാതിയായിരുന്നതിനാലും ടി വിഷയം ശ്രദ്ധയിൽപ്പെടാതെ പോയതാണ്. കൂടാതെ പെർമിറ്റ് അപേക്ഷകൻ ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നത് 05/2024 ലിലുമാണ്.

ടി പരാതിക്കാരൻ 09/09/2024 ന് വീണ്ടും ഇമെയിൽ ആയി പരാതി നൽകിയതിൻറെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, ടി പരാതി നിലനിൽക്കുന്ന സാഹചര്യമായതിനാൽ SC3-BA(260845)/2024 dtd 09/08/2024 നമ്പർ പ്രകാരം അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് കെ പി ബി ആർ

ചട്ടം 16 പ്രകാരം പെർമിറ്റ് താൽക്കാലികമായി റദ്ദ് ചെയ്യുന്നുവെന്നറിയിച്ച അശോക് കുമാർ പ്രസിഡൻറ് എസ്എൻഡിപി ശാഖ എന്നവർക്ക് ടി പെർമിറ്റ് റദ്ദ് ചെയ്യാതിരിക്കുന്നതിന് കാരണം എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ടി കത്ത് ലഭിച്ച് 5 ദിവസത്തിനുള്ളിൽ ആയത് ബോധിപ്പിക്കണമെന്ന് അറിയിച്ച് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൾ യാതൊന്നും തന്നെ ബോധിപ്പിക്കാത്തതിനാൽ ടി പെർമിറ്റ് നിലവിൽ റദ്ദ് ചെയ്തിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by BINDU P V
Date: 2024.10.16 15:18:44 IST
Reason: ILGMS Govt. of Kerala

ബിന്ദു പി വി

സെക്രട്ടറി